അന്ത്യോദയ പദ്ധതി

68 [379] *പ്രൊഫ. കെ. വി. തോമസ്:*
ശ്രീ. സി. പി. മുഹമ്മദ്:
ഡോ. എം. എ. കുട്ടപ്പൻ:
ശ്രീ. എ. സുജനപാൽ:
„ ലൂഡി ലൂയിസ്: താഴെകാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്ത്യോദയ പദ്ധതി പ്രകാരം എത്ര കുടുംബങ്ങൾക്ക് ഇപ്പോൾ കുറഞ്ഞ വിലയ്ക്ക് അരി നൽകുന്നുണ്ട്;

(ബി) എന്ത് വിലയ്ക്കാണ് ഇവർക്ക് അരി നൽകി വരുന്നത്;

(സി) ഈ പദ്ധതി പ്രകാരം നൽകുന്നതിനായി പ്രതിമാസം എത്ര അരിയാണ് സംസ്ഥാനത്തിന് ലഭിക്കുന്നത്;

(ഡി) ഈ പദ്ധതിയിൽ പുതിയതായി എത്ര പേരെ കൂടി ചേർക്കുവാൻ ഉദ്ദേശിക്കുന്നു;

(ഇ) ഈ പദ്ധതിക്കും മറ്റ് പദ്ധതികൾക്കും വേണ്ടി റേഷൻകടകൾക്ക് നൽകിയ അരി മറിച്ചു നൽകിയതായുള്ള എന്തെങ്കിലും പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) 4,71,800 കുടുംബങ്ങൾക്ക്.

(ബി) കിലോഗ്രാമിന് മൂന്നു രൂപ നിരക്കിൽ.

(സി) 16514 മെ. ടൺ.

(ഡി) പുതുതായി 1,24,000 കുടുംബങ്ങളെ കൂടി ചേർക്കുവാൻ ഉദ്ദേശിക്കുന്നു.

(ഇ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

അന്ത്യോദയ, അന്നയോജന പദ്ധതികൾ പ്രയോജനം ചെയ്യുന്നില്ലെന്ന് പരാതി

69 [380] *ശ്രീ. കെ. രാധാകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്ത്യോദയ അന്നയോജന പദ്ധതികൾ ഉദ്ദേശിച്ച രീതിയിൽ പ്രയോജനം ചെയ്യുന്നില്ലെന്ന പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly